പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം
നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: T. 2036 22.01.2014 ൽ മറുപടിക്ക്

**കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് പ്രമോഷൻ സൊസൈറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജെയിംസ് മാത്യു : | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് പ്രൊമോഷൻ സൊസൈറ്റി ഏത് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതാണെന്ന് വിശദമാക്കാമോ; | (എ) | ട്രാവൻകൂർ, കൊച്ചിൻ ലിറ്റററി, സയന്റിഫിക് &ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് 1995 പ്രകാരമാണ് കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് പ്രൊമോഷൻ സൊസൈറ്റി രജിസ്റ്റർ ചെയ്തിട്ടുള്ളത്. |
| (ബി) | എയർപോർട്ട് കമ്പനി ലിമിറ്റഡും പ്രൊമോഷൻ സൊസൈറ്റിയും തമ്മിലുള്ള ബന്ധം വിശദമാക്കാമോ; സൊസൈറ്റിയുടെ ആതറൈസ്ഡ് ഷെയർ ക്യാപിറ്റൽ എത്രയാണ്; പെയ്ഡ് അപ് ഷെയർ ക്യാപിറ്റൽ എത്ര; എയർപോർട്ട് കമ്പനി ലിമിറ്റഡിൽ പ്രൊമോഷൻ സൊസൈറ്റിയ്ക്ക് എത്ര കോടി രൂപയുടെ ഷെയർ ഉണ്ട്; | (ബി) | കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ മൂലധനസമാഹരണവും പദ്ധതിയിൽ പൊതുജന പങ്കാളിത്തവും പ്രോത്സാഹിപ്പിക്കുക എന്ന പ്രധാന ഉദ്ദേശ്യത്തോടെയാണ് കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് പ്രൊമോഷൻ സൊസൈറ്റി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. ലാഭേച്ഛയില്ലാതെയുള്ള പ്രവർത്തന ലക്ഷ്യമായതിനാൽ സൊസൈറ്റിക്ക് അംഗീകൃത ഓഹരി മൂലധനമോ (ആതറൈസഡ് ഷെയർ ക്യാപിറ്റൽ) സമാഹരിച്ച ഓഹരി മൂലധനമോ (പെയഡ് അപ്പ് ഷെയർ ക്യാപ്പിറ്റലോ) ഇല്ല. ഇപ്പോൾ സൊസൈറ്റിയുടെ കൈവശം കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് കമ്പനിയുടെ ഒരു ലക്ഷം രൂപയ്ക്കുള്ള ആയിരം ഷെയറുകളാണുള്ളത്. |

| | | | |
|---|---|---|---|
| (സി) | പ്രൊമോഷൻ സൊസൈറ്റിയുടെ ഭാരവാഹികൾ ആരൊക്കെ; സൊസൈറ്റിയുടെ ഘടനയും പ്രവർത്തനവും വിശദമാക്കാമോ? | (സി) | സൊസൈറ്റിയുടെ ഭാരവാഹികളുടെ വിശദാംശം അനുബന്ധം 1 ആയി വച്ചിരിക്കുന്നു. സൊസൈറ്റിയുടെ ഗവേണിങ്ങ് കൗൺസിൽ സൊസൈറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളുടെ പൂർത്തികരണത്തിനാവശ്യമായ നയ രൂപീകരണം, മാർഗ്ഗനിർദ്ദേശ രൂപീകരണം എന്നിവ നടത്തുന്ന ഉന്നതാധികാര സമിതിയാണ്. എക്സിക്യൂട്ടീവ് കമ്മിറ്റി ഭരണപരമായ കാര്യങ്ങൾ നിർവ്വഹിക്കുന്നു.<br>കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ ഓഹരി വാങ്ങിക്കുകയും അതേ വിലക്കു തന്നെ താല്പര്യമുള്ള സ്വകാര്യ മേഖലയിലെ വ്യക്തികൾക്കും, സ്ഥാപനങ്ങൾക്കും, കിയാപ്സ് വിതരണം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ